**മധുരമായ കുട്ടികളേ - ബാബയുമായി മൊത്തക്കച്ചവടം ചെയ്യാൻ പഠിക്കൂ, മൊത്തകച്ചവടമാണ് മൻമനാഭവ, അല്ലാഹുവിനെ ഓർമ്മിക്കണം, ഓർമ്മിപ്പിക്കണം. ബാക്കിയെല്ലാം ചില്ലറവ്യാപാരമാണ്**

**ചോദ്യം:-** ബാബ തന്റെ വീട്ടിലേക്ക് ഏത് കുട്ടികളെയാണ് സ്വാഗതം ചെയ്യുക?
**ഉത്തരം:-** ഏത് കുട്ടികളാണോ നല്ല രീതിയിൽ ബാബയുടെ നിർദ്ദേശ പ്രകാരം നടക്കുന്നത്, മറ്റാരെയും ഓർമ്മിക്കാത്തത്, ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളിൽ നിന്നും ബുദ്ധിയോഗം മുറിച്ച് ഒരേ ഒരു ബാബയെ ഓർമ്മിക്കുന്നത്, അങ്ങനെയുള്ള കുട്ടികളെ ബാബ തന്റെ വീട്ടിലേക്ക് സ്വീകരിക്കും. ബാബ ഇപ്പോൾ കുട്ടികളെ പൂക്കളാക്കി മാറ്റുകയാണ്, പിന്നീട് പൂക്കളായ കുട്ടികളെയാണ് ബാബ തന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്യുന്നത്.

**ഓം ശാന്തി**. കുട്ടികൾക്ക് തന്റെ അച്ഛന്റേയും ശാന്തിധാമത്തിന്റയും സുഖധാമത്തിന്റേയും ഓർമ്മയിലിരിക്കണം. ആത്മാവിന് പിതാവിനെ ഓർമ്മിക്കണം, ഈ ദുഃഖധാമത്തെ മറക്കണം. അച്ഛനും കുട്ടികളും - ഇതാണ് മധുരമായ സംബന്ധം. ഇത്രയും മധുരമായ സംബന്ധം വേറൊരു പിതാവിനും ഉണ്ടാകുന്നില്ല. ആദ്യം അച്ഛനുമായി സംബന്ധം ഉണ്ടാകുന്നു പിന്നെ ടീച്ചർ, പിന്നെ ഗുരു. ഇപ്പോൾ ഇവിടെ മൂന്നും ഒരാളാണ്. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം, സന്തോഷത്തിന്റെ കാര്യമല്ലേ. ഒരു ബാബയെ ലഭിച്ചുകഴിഞ്ഞു, ബാബ വളരെ സഹജമായ വഴി പറഞ്ഞുതരുന്നു. ബാബയെയും ശാന്തിധാമത്തെയും സുഖധാമത്തേയും ഓർമ്മിക്കൂ. ഈ ദുഃഖധാമത്തെ മറക്കൂ. ചുറ്റിക്കറങ്ങിക്കോളൂ, എന്നാൽ ബുദ്ധിയിൽ ഈ ഓർമ്മ ഉണ്ടായിരിക്കണം. ഇവിടെ കഠിനമായ ജോലിയൊന്നുമില്ല. വീട്ടിലാണ് ഇരിക്കുന്നത്. ബാബ കേവലം മൂന്ന് വാക്കുകൾ ഓർമ്മിക്കാനാണ് പറയുന്നത്. അതിൽ ഒരു വാക്കാണ് - ബാബയെ ഓർമ്മിക്കൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെ സുഖധാമവും ശാന്തിധാമവും - രണ്ട് സമ്പത്തും ഓർമ്മ വരും. നൽകുന്നത് ഒരു ബാബ തന്നെയാണ്. ഓർമ്മിക്കുന്നതിലൂടെ സന്തോഷം വർദ്ധിക്കും. നിങ്ങൾ കുട്ടികളുടെ സന്തോഷം പ്രശസ്തമാണ്. കുട്ടികളുടെ ബുദ്ധിയിലുണ്ട് - ബാബ നമ്മളെ വീട്ടിലേക്ക് സ്വാഗതം ചെയ്യും, സ്വീകരിക്കും. പക്ഷേ സ്വീകരിക്കുന്നത് അവരെയാണ് ആരാണോ നല്ല രീതിയിൽ ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കുന്നത്, മറ്റാരെയും ഓർമ്മിക്കാത്തത്. ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളിൽ നിന്നും ബുദ്ധിയോഗം മുറിച്ച് എന്നെ മാത്രം ഓർമ്മിക്കണം. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ വളരെയധികം സേവനം ചെയ്തിട്ടുണ്ട്. പക്ഷേ പോകുന്നതിനുള്ള വഴി ലഭിച്ചില്ല. ഇപ്പോൾ ബാബ എത്ര സഹജമായ വഴി പറഞ്ഞുതരുന്നു, കേവലം ഓർമ്മിക്കൂ - ബാബ അച്ഛനുമാണ് ടീച്ചറുമാണ്, സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുകയാണ്. ഇത് വേറെ ആർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ബാബ പറയുകയാണ് ഇപ്പോൾ വീട്ടിലേക്ക് പോകണം. വീണ്ടും ആദ്യമാദ്യം സത്യയുഗത്തിലേക്ക് വരും. ഈ മോശമായ ലോകത്തിൽ നിന്നും ഇപ്പോൾ പോകണം. പക്ഷേ ഇവിടെയാണ് ഇരിക്കുന്നത് എന്നാൽ ഇപ്പോൾ ഇവിടെ നിന്നും പോയതുപോലെയാണ്. ബാബക്കും സന്തോഷമാണ്, നിങ്ങൾ കുട്ടികൾ ബാബയെ വളരെ സമയത്തിനുശേഷം ക്ഷണിച്ചു. ഇപ്പോൾ ബാബയെ സ്വീകരിച്ചു. ബാബ പറയുകയാണ് ഞാൻ നിങ്ങളെ പൂക്കളാക്കി മാറ്റി ശാന്തിധാമത്തിൽ സ്വീകരിക്കും. പിന്നെ നിങ്ങൾ നമ്പർവൈസായി തിരിച്ച് പോകും. എത്ര സഹജമാണ്. ഇങ്ങനെയുള്ള ബാബയെ മറക്കരുത്. കാര്യം വളരെ മധുരവും നേരായതുമാണ്. ഒരേയൊരു കാര്യം -അല്ലാഹുവിനെ ഓർമ്മിക്കൂ. വളരെ വിസ്തരിച്ച് മനസ്സിലാക്കിത്തന്ന് പിന്നീട് അവസാനം പറയുന്നു ഈശ്വരനെ ഓർമ്മിക്കൂ, മറ്റാരേയും ഓർമ്മിക്കരുത്. നിങ്ങൾ ജന്മജന്മാന്തരങ്ങളായി ഒരു പ്രിയതമന്റെ പ്രിയതമകളാണ്. നിങ്ങൾ പാടിക്കൊണ്ടേയിരുന്നതാണ് - ബാബാ അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ അങ്ങയുടേതായി മാറും. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്. ആ ഒരാളുടേതായി മാറണം. നിശ്ചയബുദ്ധിയുള്ളവർ വിജയിക്കും. വിജയം നേടേണ്ടത് രാവണന്റെ മേലാണ്. ശേഷം വരേണ്ടത് രാമരാജ്യത്തിലാണ്. കല്പകല്പം നിങ്ങൾ രാവണന്റെ മേൽ വിജയം നേടിയവരാണ്. ബ്രാഹ്മണനായി മാറി, രാവണന്റെ മേൽ വിജയം നേടി. രാമരാജ്യം നിങ്ങളുടെ അവകാശമാണ്. ബാബയെ തിരിച്ചറിഞ്ഞു രാമരാജ്യത്തിന്റെ അവകാശിയായി. ബാക്കി ഉയർന്ന പദവി നേടാൻ പുരുഷാർത്ഥം ചെയ്യണം. വിജയമാലയിൽ വരണം. വിജയമാല ഉയർന്നതാണ്. രാജാവായി മാറിയാൽ എല്ലാം ലഭിക്കും. ദാസദാസിമാരും നമ്പർവൈസായിരിക്കും. എല്ലാവരും ഒരുപോലെയായിരിക്കില്ല. ചിലർ വളരെ സമീപത്തുള്ളവരായിരിക്കും, എന്താണോ രാജാറാണി ഭക്ഷിക്കുന്നത്, പാചകശാലയിൽ എന്ത് ഉണ്ടാക്കുന്നോ അത് ദാസദാസിമാർക്കും ലഭിക്കും. ഇതിനെയാണ് 36 പ്രകാരത്തിലുള്ള ഭോജനമെന്ന് പറയുന്നത്. രാജാക്കന്മാരെ കോടിപതിയെന്നും പറയും, പ്രജകളെ

കോടിപതിയെന്ന് പറയില്ല. അവിടെ ധനത്തിന്റെ ചിന്ത ഉണ്ടായിരിക്കില്ല. പക്ഷേ ഈ ലക്ഷണം ദേവതകൾക്കേ ഉണ്ടാകൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം സൂര്യവംശത്തിലേക്ക് വരുന്നു. പുതിയ ലോകത്തിലേക്ക് വരണമല്ലോ. മഹാരാജാ മഹാറാണിയായി മാറണം. ബാബ ജ്ഞാനം നൽകുകയാണ് നരനിൽനിന്ന് നാരായണനായി മാറാൻ. ഇതിനെയാണ് രാജയോഗമെന്ന് പറയുന്നത്. ബാക്കി ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളെല്ലാം ഏറ്റവും കൂടുതൽ നിങ്ങളാണ് പഠിച്ചത്. വളരെ കൂടുതൽ ഭക്തിയും നിങ്ങളാണ് ചെയ്തത്. ഇപ്പോൾ വീണ്ടും ബാബയെ കണ്ടുമുട്ടി. വളരെ സഹജമായതും നേരായതുമായ വഴിയാണ് ബാബ പറയുന്നത്. പറയുന്നു ബാബയെ ഓർമ്മിക്കൂ. ബാബ കുട്ടികളെ, കുട്ടികളെ എന്നു വിളിച്ചുകൊണ്ട് മനസ്സിലാക്കിത്തരികയാണ്. പിതാവ് കുട്ടികളിൽ സമർപ്പണമാകുന്നു. അവകാശിയാണെങ്കിൽ സമർപ്പണമാകണം. നിങ്ങളും പറഞ്ഞിരുന്നു ബാബാ അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ സമർപ്പണമാകാം. ശരീരം, മനസ്സ്, ധനസഹിതം സമർപ്പണമാകാം. നിങ്ങൾ ഒരു പ്രാവശ്യം സമർപ്പണമാകുമ്പോൾ, ബാബ 21 പ്രാവശ്യം അർപ്പണമാകുന്നു. ബാബ കുട്ടികളെ ഓർമ്മിപ്പിക്കുകയാണ്. മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്, എല്ലാ കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് തന്റെ ഭാഗ്യം നേടാൻ വന്നിരിക്കുന്നു. ബാബ പറയുകയാണ് മധുരമായ കുട്ടികളേ, വിശ്വത്തിലെ ചക്രവർത്തി പദവി നമ്മുടെ ജന്മസിദ്ധ അവകാശമാണ്. ഇപ്പോൾ എത്ര പുരുഷാർത്ഥം ചെയ്യാൻ സാധിക്കുമൊ അത്രയും ചെയ്യൂ. എത്ര പുരുഷാർത്ഥം ചെയ്യുന്നോ അത്രയും ഉയർന്ന പദവി പ്രാപ്തമാകും. നമ്പർ വണ്ണാണ് പിന്നീട് ലാസ്റ്റ് നമ്പറാകുന്നത്. വീണ്ടും നമ്പർ വണ്ണിൽ എത്തിച്ചേരും. എല്ലാറ്റിന്റേയും ആധാരം പുരുഷാർത്ഥമാണ്. ബാബ കുട്ടികളെ വീട്ടിലേക്ക് കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. ഇപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. എങ്കിൽ പാപം ഭസ്മമാകും. ഇത് യോഗാഗ്നിയാണ്. ലോകത്തിലുള്ളത് കാമാഗ്നിയാണ്. കാമാഗ്നിയിൽ എരിഞ്ഞെരിഞ്ഞ് നിങ്ങൾ കറുത്തുപോയി. പൂർണ്ണമായും ചാരമായി. ഇപ്പോൾ ഞാൻ വന്ന് നിങ്ങളെ ഉണർത്തുകയാണ്. തമോപ്രധാനതയിൽ നിന്നും സതോപ്രധാനമായി മാറാനുള്ള യുക്തി പറഞ്ഞുതരികയാണ്. വളരെ സഹജമാണ്. ഞാൻ ആത്മാവാണ്. ഇത്രയും സമയം ദേഹാഭിമാനത്തിലിരുന്നതു കാരണം നിങ്ങൾ തല കീഴായി തൂങ്ങിക്കിടക്കുകയായിരുന്നു. ഇപ്പോൾ ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കൂ. വീട്ടിലേക്ക് പോകണം, ബാബ കൊണ്ടുപോകുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. നിങ്ങൾ ക്ഷണിച്ചു, ബാബ വന്നു. പതിതരെ പാവനമാക്കി മാറ്റി വഴികാട്ടിയായി മാറി എല്ലാ ആത്മാക്കളേയും കൂടെക്കൊണ്ടുപോകും. ആത്മാവിനാണ് യാത്ര ചെയ്യേണ്ടത്.

നിങ്ങൾ പാണ്ഡവ സമ്പ്രദായത്തിലാണ്. പാണ്ഡവർക്ക് രാജ്യമുണ്ടായിരുന്നില്ല. കൗരവർക്ക് ഉണ്ടായിരുന്നു. ഇവിടെ ഇപ്പോൾ രാജഭരണം അവസാനിച്ചു. ഇപ്പോൾ ഭാരതത്തിന് എത്ര മോശപ്പെട്ട അവസ്ഥയാണ്. നിങ്ങൾ പൂജ്യരും വിശ്വത്തിന്റെ അധികാരിയുമായിരുന്നു. ഇപ്പോൾ പൂജാരിയായി മാറി. ആരും വിശ്വത്തിന്റെ അധികാരിയല്ല. വിശ്വത്തിന്റെ അധികാരി കേവലം ദേവീദേവതകളാണ് ആയിത്തീരുന്നത്. ലോകത്തിലുള്ളവർ പറയും വിശ്വത്തിൽ ശാന്തിയുണ്ടാകണം. നിങ്ങൾ ചോദിക്കൂ വിശ്വത്തിൽ ശാന്തിയെന്ന് എന്തിനെയാണ് പറയുന്നത്? വിശ്വത്തിൽ ശാന്തി എപ്പോഴാണ് ഉണ്ടായിരുന്നത്? ലോകത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ചക്രം കറങ്ങിക്കൊണ്ടേയിരിക്കുകയാണ്. പറയൂ വിശ്വത്തിൽ ശാന്തി എപ്പോഴുണ്ടായിരുന്നത്? നിങ്ങൾ എങ്ങിനെയുള്ള ശാന്തിയാണ് ആഗ്രഹിക്കുന്നത്? ആർക്കും പറയാൻ സാധിക്കില്ല. ബാബ മനസ്സിലാക്കിത്തരികയാണ് വിശ്വത്തിൽ ശാന്തി സ്വർഗ്ഗത്തിലാണുണ്ടായിരുന്നത്, ഇതിനെയാണ് പാരഡൈസ് എന്ന് പറയുന്നത്. ക്രിസ്ത്യാനികൾ പറയാറുണ്ട് ക്രിസ്തുവിന് 3000 വർഷം മുൻപ് സ്വർഗ്ഗമുണ്ടായിരുന്നു. അവരുടെ ബുദ്ധി പവിഴവുമാകുന്നില്ല, കല്ലുമാകുന്നില്ല. ഭാരതവാസികളുടേതാണ് പവിഴബുദ്ധിയും കല്ലുബുദ്ധിയുമായി മാറുന്നത്. പുതിയ ലോകത്തെ സ്വർഗ്ഗമെന്ന് പറയുന്നു, പഴയതിനെ സ്വർഗ്ഗമെന്ന് പറയില്ല. കുട്ടികൾക്ക് ബാബ നരകത്തിന്റേയും സ്വർഗ്ഗത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരികയാണ്. ഇതാണ് ചില്ലറക്കച്ചവടം. മൊത്തക്കച്ചവടത്തിൽ കേവലം ഒരു വാക്കാണ് പറയുന്നത് – എന്നെ മാത്രം ഓർമ്മിക്കൂ. ബാബയിൽനിന്നാണ് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. ഇത് പഴയ കാര്യമാണ്, 5000 വർഷത്തിനുമുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. ബാബ കുട്ടികൾക്ക് സത്യം സത്യമായ കഥ പറഞ്ഞുതരികയാണ്. സത്യനാരായണന്റെ കഥ, ത്രിനേത്രത്തിന്റെ കഥ, അമരകഥ ഇവയെല്ലാം പ്രശസ്തമാണ്. നിങ്ങൾക്ക് മൂന്നാമത്തെ ജ്ഞാനനേത്രം ലഭിച്ചു. ഇതിനെയാണ് ത്രിനേത്രത്തിന്റെ കഥയെന്ന് പറയുന്നത്. ഇതെല്ലാം ഭക്തിയിൽ പുസ്തകങ്ങളാക്കി മാറ്റി. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എല്ലാ കാര്യങ്ങളും നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നു. ചില്ലറക്കച്ചവടവും മൊത്തക്കച്ചവടവും ഉണ്ടല്ലോ! സാഗരത്തെ മഷിയാക്കി മാറ്റിയാലും തീരാത്ത തരത്തിൽ ജ്ഞാനം അത്രയും കേൾപ്പിക്കുകയാണ് – ഇതാണ് ചില്ലറക്കച്ചവടം. മൊത്തക്കച്ചവടമാണ് കേവലം മൻമനാഭവ. വാക്ക് ഒന്നേയുള്ളൂ. അതിന്റെ അർത്ഥം നിങ്ങൾ മനസ്സിലാക്കി വേറെ ആർക്കും പറയാൻ സാധിക്കില്ല. ബാബ സംസ്കൃതത്തിലല്ല ജ്ഞാനം നൽകുന്നത്. രാജാവിനെ പോലെ തന്റെ ഭാഷ നടപ്പിലാക്കുന്നു.

നമ്മുടെ ഭാഷ ഒരു ഹിന്ദിയായിരിക്കും. പിന്നെന്തിനാണ് സംസ്കൃതം പഠിക്കുന്നത്. എത്ര പൈസയാണ് ചിലവഴിക്കുന്നത്.

നിങ്ങളുടെ അടുത്ത് ആരുവന്നാലും അവരോട് പറയൂ ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ ശാന്തിധാമത്തിന്റേയും സുഖധാമത്തിന്റേയും സമ്പത്ത് ലഭിക്കും. ഇത് മനസ്സിലാക്കണമെങ്കിൽ ഇവിടെ വന്നിരുന്ന് മനസ്സിലാക്കണം. വേറെ നമ്മുടെ കയ്യിൽ ഒന്നുമില്ല. ഈശ്വരനായ പിതാവ് തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ഈശ്വരനിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. ബാബയെ ഓർമ്മിക്കൂ എങ്കിൽ പാപം നശിക്കും. പവിത്രമായി മാറി ശാന്തിധാമത്തിലേക്ക് പോകും. ശാന്തിദേവാ എന്ന് പറയാറില്ലേ. ബാബയാണ് ശാന്തിയുടെ സാഗരൻ. എല്ലാവരും ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ബാബ ഇവിടെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. സൂക്ഷ്മവതനത്തിലല്ല. അവിടെ സാക്ഷാത്കാരത്തിന്റെ കാര്യം മാത്രം. ഫരിസ്തയായി മാറണം. മാറേണ്ടത് ഇവിടെയാണ്. ഫരിസ്തയായി തിരിച്ച് വീട്ടിലേക്ക് പോകും. രാജധാനിയുടെ സമ്പത്ത് ബാബയിൽനിന്നും ലഭിക്കും. ശാന്തിയുടേയും സുഖത്തിന്റേയും രണ്ടിന്റേയും സമ്പത്ത് ലഭിക്കുന്നുണ്ട്. ബാബയെയല്ലാതെ വേറെ ആരെയും സാഗരമെന്ന് പറയില്ല. ബാബ ജ്ഞാനത്തിന്റെ സാഗരമാണ്. ബാബയ്ക്കാണ് സർവ്വരുടേയും സദ്ഗതി ചെയ്യാൻ സാധിക്കുക. ബാബ ചോദിക്കുകയാണ്, ഞാൻ നിങ്ങളുടെ അച്ഛനാണ്, ടീച്ചറാണ്, ഗുരുവാണ് നിങ്ങളുടെ സദ്ഗതി ചെയ്യുന്നു, പിന്നീട് നിങ്ങളുടെ ദുർഗതി ആരാണ് ചെയ്യുന്നത്? രാവണൻ. ദുർഗതിയുടേയും സത്ഗതിയുടേയും കളിയാണ് ഇത്. ആർക്കെങ്കിലും ആശയക്കുഴപ്പമുണ്ടെങ്കിൽ ചോദിക്കാം. ഭക്തിമാർഗ്ഗത്തിൽ അനവധി ചോദ്യങ്ങളാണ്, ജ്ഞാനമാർഗ്ഗത്തിൽ ചോദ്യങ്ങളുടെ കാര്യമില്ല. ശാസ്ത്രങ്ങളിൽ ശിവബാബ മുതൽ ദേവതകൾ വരേക്ക് എല്ലാവരെയും ഗ്ലാനി ചെയ്യുന്നു, ആരെയും ഒഴിവാക്കിയില്ല. ഇതും ഉണ്ടാക്കപ്പെട്ട ഡ്രാമയാണ്, വീണ്ടും ഇതുപോലെ തന്നെ ചെയ്യും. ബാബ പറയുകയാണ് ഈ ദേവീദേവതാധർമ്മം വളരെ സുഖം നൽകുന്നതാണ്. പിന്നീട് ഈ ദുഃഖം ഉണ്ടായിരിക്കില്ല. ബാബ നിങ്ങളെ എത്ര വിവേകശാലിയാക്കി മാറ്റുന്നു. ഈ ലക്ഷ്മീനാരായണൻ വിവേകശാലിയാണ്. അപ്പോഴാണ് വിശ്വത്തിന്റെ അധികാരിയായി മാറുന്നത്. വിവേകശൂന്യർ വിശ്വത്തിന്റെ അധികാരിയായി മാറില്ല. ആദ്യം നിങ്ങൾ മുള്ളായിരുന്നു, ഇപ്പോൾ പൂക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ബാബയും റോസാപുഷ്പം കൊണ്ടാണ് വരുന്നത് – ഇങ്ങനെയുള്ള പൂവായി മാറണം. ബാബ വന്ന് സ്വയം പൂക്കളുടെ പൂന്തോട്ടം ഉണ്ടാക്കുകയാണ്. പിന്നീട് രാവണൻ വരുന്നത് മുൾക്കാടുണ്ടാക്കാൻ. എത്ര വ്യക്തമാണ് ഇതെല്ലാം സ്മരിക്കണം. ഒരാളെ ഓർമ്മിക്കുന്നതിലൂടെ അതിൽ എല്ലാം വരും. ബാബയിൽനിന്നും സമ്പത്ത് ലഭിക്കുകയാണ്. ഇത് വളരെ ഉയർന്ന സമ്പാദ്യമാണ്, ശാന്തിയുടേയും സമ്പത്ത് ലഭിക്കുന്നുണ്ട് കാരണം ശാന്തി സാഗരനാണ്. ലൗകികപിതാവിന് ഇങ്ങനെയുള്ള മഹിമയില്ല. ശ്രീകൃഷ്ണൻ എല്ലാവർക്കും പ്രിയങ്കരനാണ്. ആദ്യമാദ്യം ജന്മമെടുത്തതുകൊണ്ടാണ് എല്ലാവരും ശ്രീകൃഷ്ണനെ ഇഷ്ടപ്പെടുന്നത്. ബാബ കുട്ടികൾക്ക് മുഴുവൻ വീടിന്റേയും വിവരങ്ങൾ നൽകുന്നു. ബാബയും പക്കാ വ്യാപാരിയാണല്ലോ, വളരെ ചുരുക്കം ചിലരേ ഇങ്ങനെ വ്യാപാരം ചെയ്യൂ. മൊത്തക്കച്ചവടക്കാരനായി മാറുന്നത് ചുരുക്കമാണ്. നിങ്ങൾ മൊത്തക്കച്ചവടക്കാരല്ലേ. ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കൂ. ചിലർ ചില്ലറക്കച്ചവടം ചെയ്ത് പിന്നെ മറക്കും. ബാബ പറയുകയാണ് നിരന്തരം ഓർമ്മിച്ചുകൊണ്ടിരിക്കൂ. സമ്പത്ത് ലഭിച്ചാൽ പിന്നീട് ഓർമ്മിക്കേണ്ട ആവശ്യമില്ല. ലൗകിക സംബന്ധത്തിൽ പിതാവ് വൃദ്ധനാകുമ്പോൾ ചില കുട്ടികൾ അവസാനം വരേക്കും സഹായിയായി മാറും. ചിലർ സ്വത്ത് ലഭിച്ചാൽ എല്ലാം കൊണ്ടുപൊയി തീർക്കും. ബാബ എല്ലാ കാര്യത്തിന്റേയും അനുഭവിയാണ്. അതുകൊണ്ടാണ് ബാബയും ബ്രഹ്മാബാബയെത്തന്നെ തന്റെ രഥമാക്കി മാറ്റിയത്. പാവപ്പെട്ടവന്റേയും ധനവാന്റേയും എല്ലാ കാര്യത്തിലും അനുഭവിയാണ്. ഡ്രാമയനുസരിച്ച് ഇതു മാത്രമാണ് ഒരു രഥം. ഇതൊരിക്കലും മാറുന്നില്ല. ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്, ഇതിലൊരിക്കലും മാറ്റം വരുത്താൻ സാധിക്കില്ല. എല്ലാ കാര്യങ്ങളും മൊത്തമായും ചില്ലറയായും മനസ്സിലാക്കിത്തന്ന് അവസാനം പറയുന്നു മൻമനാഭവ, മധ്യാജീഭവ. മൻമനാഭവയിൽ എല്ലാം വരും. ഇത് വളരെ ഉയർന്ന ഖജനാവാണ്, ഇതിലൂടെയാണ് സഞ്ചി നിറക്കേണ്ടത്. അവിനാശി ജ്ഞാനരത്നങ്ങൾ ഓരോന്നും ലക്ഷക്കണക്കിന് രൂപ വിലയുള്ളതാണ്. നിങ്ങൾ കോടിമടങ്ങ് ഭാഗ്യശാലിയായി മാറുന്നു. ബാബ സന്തോഷം, സന്തോഷമില്ലായ്മ ഇത് രണ്ടിൽനിന്നും വേറിട്ടതാണ്. സാക്ഷിയായി ഡ്രാമയെ കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പാർട്ട് അഭിനയിക്കുന്നു. ഞാൻ പാർട്ട് അഭിനയിക്കുമ്പോഴും സാക്ഷിയാണ്. ജനന മരണത്തിലേക്ക് വരുന്നില്ല. ആരും ഇതിൽനിന്നു മുക്തരല്ല, മോക്ഷം ലഭിക്കുന്നില്ല. ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇത് അദ്ഭുതകരമാണ്. ചെറിയ ഒരാത്മാവിൽ മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ട്. ഈ അവിനാശിയായ ഡ്രാമ ഒരിക്കലും നശിക്കുന്നില്ല. ശരി!

മധുര-മധുരമായ കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ ഹൃദയത്തിൽനിന്ന് പ്രേമത്തോടെ, സേവാധാരികളായ കുട്ടികൾക്ക് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഓർമ്മയും സ്നേഹവം സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1. എങ്ങനെയാണോ ബാബ കുട്ടികളിൽ സമർപ്പണമായിരിക്കുന്നത് അതുപോലെ ശരീരം- മനസ്സ് -ധനം സഹിതം ഒരു തവണ ബാബയിൽ പൂർണ്ണമായും സമർപ്പണമായി 21 ജന്മത്തിലേക്കുള്ള സമ്പത്ത് നേടണം.

2. ബാബ അവിനാശിയും അമൂല്യവുമായ എന്തു ഖജനാവാണോ നൽകുന്നത് അതിലൂടെ തന്റെ സഞ്ചി സദാ നിറച്ചുവക്കണം. ഞാൻ കോടി മടങ്ങ് ഭാഗ്യശാലിയാണ് സദാ ഈ സന്തോഷത്തിലും ലഹരിയിലുമിരിക്കണം.

## വരദാനം:- ബ്രാഹ്മണ ജീവിതത്തിന്റെ സമ്പത്തിന്റെയും വ്യക്തിത്വത്തിന്റെയും (പ്രോപ്പർട്ടിയും പേഴ്സനാലിറ്റിയും) അനുഭവം ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്ന വിശേഷ ആത്മാവായി ഭവിക്കട്ടെ.

ബാപ്ദാദ സർവ്വ ബ്രാഹ്മണാത്മാക്കൾക്കും സ്മൃതി ഉണർത്തിത്തരികയാണ് അതായത് ബ്രാഹ്മണനായോ- അഹോ ഭാഗ്യം! എന്നാൽ ബ്രാഹ്മണ ജീവിതത്തിന്റെ സമ്പത്ത് (പ്രോപ്പർട്ടി) സന്തുഷ്ടതയാണ്, ബ്രാഹ്മണ ജീവിതത്തിന്റെ വ്യക്തിത്വം (പെഴ്സനാലിറ്റി) പ്രസന്നതയുമാണ്. ഈ അനുഭവത്തിൽ നിന്ന് ഒരിക്കലും വഞ്ചിതരാകരുത്. അധികാരിയായിരിക്കണം. ദാതാവ്, വരദാതാവ് എപ്പോൾ തുറന്ന മനസ്സോടെ പ്രാപ്തികളുടെ ഖജനാവ് തന്നുകൊണ്ടിരിക്കുന്നുവോ അപ്പോൾ അവയെ അനുഭവത്തിൽ കൊണ്ടുവരൂ ഒപ്പം മറ്റുള്ളവരെയും അനുഭവിയാക്കി മാറ്റൂ അപ്പോൾ പറയാം വിശേഷാത്മാവ്.

## സ്ലോഗൻ:- അന്തിമ സമയത്തെക്കുറിച്ച് ചിന്തിച്ചിരിക്കുന്നതിന് പകരം അന്തിമ സ്ഥിതിയെക്കുറിച്ച് ചിന്തിക്കൂ.